REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നാളെ 76-ാമത് റിപ്പബ്ലിക് ദിനം. രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകിട്ട് ഏഴിന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.**
- **മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ തഹാവൂർ റാണയെ ഇന്ത്യക്ക് കൈമാറാൻ അമേരിക്കൻ സുപ്രീം കോടതിയുടെ അനുമതി.**
- **പതിനഞ്ചാമത് ദേശീയ സമ്മതിദായക ദിനം ഇന്ന് ആഘോഷിക്കുന്നു.**
- **ജനാധിപത്യ വ്യവസ്ഥയിൽ ജുഡീഷ്യറിക്ക് വലിയ പ്രാധാന്യമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ**
- **വയനാട് പഞ്ചാരക്കൊല്ലിയിൽ കടുവ ആക്രമണത്തിൽ മരിച്ച രാധയുടെ സംസ്കാരം വീട്ടുവളപ്പിൽ നടത്തി. സംഭവം ചർച്ച ചെയ്യാൻ നാളെ വയനാട്ടിൽ പ്രത്യേക യോഗം ചേരും.**
- **ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരം വൈകിട്ട് ഏഴിന് ചെന്നൈയിൽ.**

## വാർത്തകൾ വിശദമായി

നാളെ 76-ാമത് റിപ്പബ്ലിക് ദിനം. ' സ്വർണിം ഭാരത്, വിരാസത് ഔർ വികാസ് ' എന്നതാണ് ഈ വർഷത്തെ റിപ്പബ്ലിക് ദിന പ്രമേയം. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം വെളിപ്പെടുത്തുന്നതിനും ഭാവിയെ പറ്റി ശോഭനപ്രതീക്ഷകൾ പങ്കുവെക്കുന്നതിനും ഒട്ടേറെ പരിപാടികൾ ആസൂത്രണം

ചെയ്തിട്ടുണ്ട്. കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദേശീയ പതാക ഉയർത്തും. തുടർന്ന് വർണശബളമായ റിപ്പബ്ലിക് ദിന പരേഡ് ആരംഭിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........വോയ്സ്...........

കര-നാവിക-വ്യോമ സേനകളും അർദ്ധസൈനിക വിഭാഗങ്ങളും അണിനിരക്കുന്ന പരേഡിൽ ഇന്ത്യയുടെ സൈനിക മികവും യുദ്ധവീര്യവും പ്രകടമാകുന്ന അഭ്യാസങ്ങൾ പ്രദർശിപ്പിക്കും. സംസ്ഥാനങ്ങളുടെയും വിവിധ കേന്ദ്ര ഗവൺമെന്റ് വകുപ്പുകളുടേയും നിശ്ചലദൃശ്യങ്ങളും പരമ്പരാഗത നൃത്ത രൂപങ്ങളും പരേഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ആണ് ഇത്തവണ റിപ്പബ്ലിക് ദിന ചടങ്ങിലെ മുഖ്യാതിഥി.

റിപ്പബ്ലിക് ദിന തലേന്നാളായ ഇന്ന്, വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

ആകാശവാണിയുടെയും ദൂരദർശന്റേയും എല്ലാ നിലയങ്ങളും രാഷ്ട്രപതിയുടെ അഭിസംബോധന പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രസംഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും പ്രാദേശിക ചാനലുകളിൽ മലയാള പരിഭാഷയും ഉണ്ടായിരിക്കും.

ആകാശവാണി കേരള നിലയങ്ങൾ രാത്രി 9.30 ന് രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ പ്രക്ഷേപണം ചെയ്യും.

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സേനാവിഭാഗങ്ങളുടെ പരേഡിന്റെ അഭിവാദ്യം ഗവർണർ രാജേന്ദ്ര ആർലേകർ സ്വീകരിക്കും. മുഖ്യമന്ത്രി പിണറായി വിജയനും ചടങ്ങിൽ പങ്കെടുക്കും. ജില്ലാ ആസ്ഥാനങ്ങളിലെ ചടങ്ങുകളിൽ മന്ത്രിമാർ പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

✪✪✪

റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കാനെത്തിയ ഇന്തൊനേഷ്യൻ പ്രസിഡണ്ട് പ്രബാവോ സുബിയാന്തോയെ രാഷ്ട്രപതി ഭവനിൽ ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ചേർന്ന് സ്വീകരിച്ചു. രാഷ്ട്രപതി ഭവനിൽ ഗാർഡ് ഓഫ് ഓണറോടെയാണ് അദ്ദേഹത്തെ സ്വീകരിച്ചത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി സുബിയാന്തോ ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധം പ്രാദേശിക - ആഗോള വിഷയങ്ങൾ

എന്നിവ ചർച്ചയാകും. ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകളും ഒപ്പുവെയ്ക്കും.

✪✪✪

വിശിഷ്ടസേവനത്തിന് രാഷ്ട്രപതിയുടെ പൊലീസ് മെഡൽ ADGP പി. വിജയന് സമ്മാനിക്കും. അഗ്നി രക്ഷാസേനയിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറായ മധുസൂദനൻ നായർക്കും, സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ രാജേന്ദ്രൻ നായർക്കും വിശിഷ്ട സേവന ബഹുമതി ലഭിച്ചു. സ്തുത്യർഹ സേവനത്തിന് പൊലീസ് സേനയിലെ പത്ത് പേർക്കും, അഗ്നി രക്ഷാ സേനയിൽ നിന്നും ജയിൽ വകുപ്പിൽ നിന്നും അഞ്ച് വീതം പേർക്കും രാഷ്ട്രപതിയുടെ മെഡൽ ലഭിച്ചു.

✪✪✪

മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ തഹാവൂർ റാണയെ ഇന്ത്യക്ക് കൈമാറാൻ അമേരിക്കൻ സുപ്രീം കോടതി അനുമതി നൽകി. ഇതിനെതിരെ റാണ നൽകിയ ഹർജി തള്ളിയാണ് സുപ്രീം കോടതിയുടെ കൈമാറ്റ നടപടിയ്ക്ക് അംഗീകാരം നൽകിയത്. പാകിസ്ഥാൻ വംശജനും കനേഡിയൻ വ്യാപാരിയുമായ റാണ 2008-ലെ മുംബൈ ഭീകരാക്രമണക്കേസിലെ പ്രതികളിൽ ഒരാളാണ്. പാകിസ്ഥാനി-അമേരിക്കൻ ഭീകരവാദി ഡേവിഡ് കോൾമാൻ ഹെഡ്‌ലിയുമായി ചേർന്ന് ഗൂഢാലോചനയിലൂടെ ആക്രമണം നടത്തിയെന്നാണ് റാണക്കെതിരായ ആരോപണം. 2008 നവംബർ 26-നുണ്ടായ ഭീകരാക്രമണത്തിൽ 160 പേരാണ് മരിച്ചത്.

ഇന്ത്യക്ക് കൈമാറുന്നതിനെതിരെ കീഴ്ക്കോടതികൾ മുതൽ US സുപ്രീംകോടതി വരെ നീണ്ടകാല നിയമയുദ്ധം നടത്തി വരികയായിരുന്നു റാണ. ലോസാഞ്ചലസ്സിലെ മെട്രോ പൊളിറ്റൻ ജയിലിലാണ് 64 കാരനായ റാണ ഇപ്പോൾ കഴിയുന്നത്.

✪✪✪

സ്വതന്ത്രവും നിഷ്പക്ഷവുമായി തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കുന്നതിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പങ്ക് തൃപ്തികരമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. തെരഞ്ഞെടുപ്പുകളുടെ വിശ്വാസ്യതയിലും സുതാര്യതയിലും ഇന്ത്യ ലോകത്തിന് മാതൃകയാണെന്നും അവർ അഭിപ്രായപ്പെട്ടു. സമ്മതിദായകരായ ഒരു കോടിയോളം ആളുകളെ അഭിനന്ദിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

പതിനഞ്ചാമത് ദേശീയ സമ്മതിദായക ദിനപരിപാടിയുടെ പ്രധാന ചടങ്ങിൽ ന്യൂഡൽഹിയിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

കേന്ദ്രമന്ത്രി അർജുൻ റാം മെഘ് വാൾ, മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ, തെരഞ്ഞെടുപ്പ് കമ്മീഷണർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ പാലിക്കാത്തതിന് കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, ജമ്മു ആൻഡ് കാശ്മീർ ബാങ്ക് എന്നിവയ്ക്ക് RBI പിഴ ചുമത്തി. കാനറ ബാങ്കിന് ഒരു കോടി 60 ലക്ഷത്തി 60,000 രൂപയും, J&K ബാങ്കിന് മൂന്ന് കോടി 31 ലക്ഷം രൂപയും, ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഒരു കോടി രൂപയുമാണ് പിഴ ചുമത്തിയത്.

✪✪✪

ജനാധിപത്യ വ്യവസ്ഥയിൽ ജുഡീഷ്യറിക്ക് വലിയ പ്രാധാന്യമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജുഡീഷ്യറിയെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും, പുതിയ കാലത്ത് കോടതി നടപടികൾ വേഗത്തിലാക്കാൻ സാധിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തലശ്ശേരിയിലെ പുതിയ ജില്ലകോടതി സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കഴിഞ്ഞ എട്ടര വർഷങ്ങളിൽ 105 കോടതികൾ സംസ്ഥാനത്ത് ആരംഭിച്ചു. 2,891 തസ്തികകളും സൃഷ്ടിച്ചു. കോടതികളിലെ സൗകര്യക്കുറവ് പരിഹരിക്കാൻ കിഫ്ബിയിലുടെ കോടതി സമുച്ചയങ്ങൾ നിർമ്മിച്ചുവരികയാണെന്നും, 90,000 കോടി രൂപയുടെ പദ്ധതികളാണ് ഇതിനായി നടപ്പാക്കിയതെന്നും പിണറായി വിജയൻ പറഞ്ഞു.

പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന പത്ത് കോടതികളുടെ പ്രവർത്തനോദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാറും നിർവഹിച്ചു. നീതി നടപ്പാക്കുന്നതിൽ ജുഡീഷ്യറിക്ക് മുഖ്യ സ്ഥാനമാണ് ഉള്ളതെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. സ്പീക്കർ AN ഷംസീർ അധ്യക്ഷനായിരുന്നു.

✪✪✪

വയനാട് പഞ്ചാരക്കൊല്ലിയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാധയുടെ സംസ്കാരം വീട്ടുവളപ്പിൽ നടത്തി. മന്ത്രി OR കേളു ഉൾപ്പെടെ നിരവധി പേർ അന്ത്യഞ്ജലി അർപ്പിച്ചു.

✪✪✪

കടുവയുടെ ആക്രമണത്തിൽ സ്ത്രീ മരിച്ച സംഭവം ചർച്ച ചെയ്യാൻ നാളെ വയനാട്ടിൽ പ്രത്യേക യോഗം ചേരുമെന്നും മുഖ്യ വനപാലകർ യോഗത്തിൽ പങ്കെടുക്കുമെന്നും വനം മന്ത്രി AK ശശീന്ദ്രൻ കോഴിക്കോട് പറഞ്ഞു.

യോഗത്തിൽ വന്യമൃഗപ്രശ്നവുമായി ബന്ധപ്പെട്ട ആകഷൻ പ്ലാനിനെ കുറിച്ച് ചർച്ച ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

നരഭോജി കടുവയെ കണ്ടെത്തുന്നതിന് ശ്രമം തുടരുകയാണെന്നും മന്ത്രി അറിയിച്ചു. പ്രതിപക്ഷത്തിന് പ്രതിഷേധിക്കാൻ അവകാശമുണ്ടെങ്കിലും ഇപ്പോഴത്തെ യാത്ര രാഷ്ട്രീയ പ്രേരിതമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

വയനാട് പഞ്ചാരക്കൊല്ലിയിൽ ആദിവാസി സ്ത്രിയെ ആക്രമിച്ച് കൊന്ന കടുവയെ വെടിവെച്ച് കൊല്ലാതെ പ്രതിഷേധത്തിൽ നിന്ന് പിന്മാറില്ലെന്ന് നാട്ടുകാർ. വനം വകുപ്പിന്റെ ബേസ് ക്യാമ്പിലേക്ക് മാർച്ച് ചെയ്ത നാട്ടുകാർ ഈ ആവശ്യം ഉന്നയിച്ച് ഉദ്യോഗസ്ഥരുമായി വാക്കേറ്റം നടത്തി. ഇപ്പോൾ പ്രതിഷേധക്കാർ ബേസ് ക്യാമ്പിൽ ധർണയിരിക്കുകയാണ്. കടുവയെ വെടി വെച്ച് കൊല്ലുന്ന നടപടി ബോധപൂർവം വൈകിക്കുന്നുവെന്നാണ് പ്രതിഷേധക്കാരുടെ ആരോപണം.

✪✪✪

കോഴിക്കോട് കൂടരഞ്ഞിയിൽ വനം വകുപ്പ് സ്ഥാപിച്ച കെണിയിൽ പുലി കുടുങ്ങി. ആഴ്ചകളായി പ്രദേശത്ത് കറങ്ങി നടക്കുന്ന പുലിയാണ് കൂട്ടിൽ പെട്ടത്. RRT സംഘം സ്ഥലത്തെത്തിയിട്ടുണ്ട്.

✪✪✪

മലപ്പുറം ശിശുക്ഷേമ സമിതിയുടെ ദത്തെടുക്കൽ കേന്ദ്രത്തിന് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമിച്ചുനൽകുമെന്ന് മന്ത്രി V. അബ്ദുറഹിമാൻ അറിയിച്ചു. ഈ ഗവണ്മെന്റിന്റെ കാലത്തുതന്നെ അത് യാഥാർഥ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. മലപ്പുറം ദത്തെടുക്കൽ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പ്രതിപക്ഷനേതാവ് V.D സതീശൻ നയിക്കുന്ന UDF സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്രയ്ക്ക് ഇന്ന് കണ്ണൂരിൽ തുടക്കമാവും. കരുവഞ്ചാലിൽ വൈകിട്ട് AICC ജനറൽ സെക്രട്ടറി K.C. വേണുഗോപാൽ യാത്ര ഉദ്ഘാടനം ചെയ്യും.

മറ്റന്നാൾ ജില്ലയിലെ ആറളത്തും കൊട്ടിയൂരിലും പര്യടനത്തിന് ശേഷം പ്രചരണ യാത്ര വയനാട്ടിലേക്ക് പോകും.

✪✪✪

വയനാട് ഡിസിസി ട്രഷറർ NM വിജയന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ IC ബാലകൃഷ്ണൻ MLAയെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടു. മൂന്ന് ദിവസത്തെ ചോദ്യം ചെയ്യലിന് ശേഷമായിരുന്നു അറസ്റ്റ്.

✪✪✪

ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന്. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് മത്സരം ആരംഭിക്കും.

ആദ്യമത്സരത്തിൽ വിജയിച്ച ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ ഒന്ന് ജയിച്ച് മുന്നിലാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് FC ഗോവ, ചെന്നൈയിൻ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോവയിലാണ് മത്സരം.

✪✪✪

കോഴിക്കോട് ഇംഹാൻസ് ഡയറക്ടറായിരുന്ന ഡോ. പി. കൃഷ്ണകുമാർ കോഴിക്കോട്ട് അന്തരിച്ചു. ഹൃദയസ്തംഭനത്തെ തുടർന്നായിരുന്നു 63 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. മാനസികാരോഗ്യ ചികിത്സാ രംഗത്തെ നിരവധി ഗവേഷണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. കൃഷ്ണകുമാർ ഇംഹാൻസിനെ മികച്ച സ്ഥാപനമാക്കി മാറ്റുന്നതിൽ പ്രധാന പങ്കു വഹിച്ച വ്യക്തിയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മാനസികാരോഗ്യ ചികിത്സാവിഭാഗം സ്ഥാപിക്കാനും വിവിധ തരം ചികിത്സകളും പഠനഗവേഷണ സൗകര്യങ്ങളും കൊണ്ടുവരാനും ഡോ. കൃഷ്ണകുമാർ നിരന്തരം പ്രവർത്തിച്ചിരുന്നു.

✪✪✪

കോഴിക്കോട് അടിവാരത്ത് വൻ മയക്കുമരുന്ന് വേട്ട. 113 ഗ്രാം MDMA യുമായി അടിവാരം സ്വദേശി സിജാസ് ആണ് പൊലീസ് പിടിയിലായത്.

✪✪✪

പൊതു വിദ്യാഭ്യാസ മേഖലയിൽ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പുതുക്കിയ പാഠപുസ്തകങ്ങൾക്ക് അംഗീകാരം നൽകുന്നതിനു സംസ്ഥാന കരിക്കുലം കമ്മിറ്റി മറ്റന്നാൾ തിരുവനന്തപുരത്ത് യോഗം ചേരുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

2, 4, 6, 8 ക്ലാസുകളിലെ പുതുക്കിയ 128 ടൈറ്റിൽ പാഠപുസ്തകങ്ങളാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

✪✪✪

കുടുംബങ്ങളിൽ വ്യക്തി സ്വാതന്ത്ര്യം അനിവാര്യമാണെന്ന് വനിതാ കമ്മീഷൻ അംഗം P. കുഞ്ഞായിഷ പറഞ്ഞു. കണ്ണൂരിൽ അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ.

✪✪✪

CPIM കണ്ണൂർ ജില്ലാ സമ്മേളനം ഫെബ്രുവരി ഒന്നു മുതൽ മൂന്നു വരെ തളിപ്പറമ്പിൽ നടക്കുമെന്ന് ജില്ലാ സെക്രട്ടറി MV ജയരാജൻ അറിയിച്ചു.

ഫെബ്രുവരി ഒന്നിന് പ്രതിനിധി സമ്മേളനവും മൂന്നിന് പൊതുസമ്മേളവും നടക്കും. രണ്ടു സമ്മേളനവും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

പാലക്കാട് വാളയാറിൽ വാദ്യാർചള്ളത്ത് കാട്ടാനയുടെ ആക്രമണത്തിൽ കർഷകന് പരിക്കേറ്റു. പുലർച്ചെ കൃഷിസ്ഥലത്ത് ഇറങ്ങിയ കാട്ടാനയെ തുരത്താൻ ശ്രമിക്കുന്നതിനിടയിലാണ് വിജയനെ കാട്ടാന ആക്രമിച്ചത്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: രജ്ന കെ ആസാദ്*
*DEO: സി കെ സുബോധ്*